പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1984** **12.02.2013 ൽ മറുപടിയ്ക്ക്**

**പി.എ.പി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) പി.എ.പി കരാർപ്രകാരം മണക്കടവ് വഴി കേരളത്തിനർഹതപ്പെട്ട 7.25 ടി.എം.സി ജലം നേടിയെടുക്കുവാൻ കഴിയാതിരുന്നതുമൂലമാണ് പാലക്കാട് ജില്ലയുടെ പലഭാഗത്തും കടുത്ത വരൾച്ച നേരിടേണ്ടി വന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) കർഷകർ കടുത്ത കാർഷിക നഷ്ടം നേരിടുന്നതിനാൽ സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) | പി.എ.പി കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിലും സംസ്ഥാന ജലവിഭവ മന്ത്രി, മുഖ്യമന്ത്രി എന്നീ തലത്തിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കരാർ പ്രകാരമുള്ള ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ തമിഴ്നാടിനെതിരെ ബഹു.സുപ്രീം കോടതിയെ സമീപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 30.01.2013-ൽ ചേർന്ന. സർവ്വ കക്ഷി യോഗത്തിലെ തീരുമാനം അനുസരിച്ച് ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുടെ തലത്തിൽ ഒരു ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്കുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ